# മേഘങ്ങളിൽ ക്രിസ്തുവിൻറെ മടങ്ങിവരവ്

സാക് പുന്നൻ

WFTW 26 മാർച്ച് 2017

ക്രിസ്തു മടങ്ങി വരുമ്പോൾ കാര്യങ്ങൾ എങ്ങനെ ആയിരിക്കും എന്നതിനെക്കുറിച്ച് 1 തെസ്സ 4:1318 ൽ പൗലൊസ് പറയുന്നു. ' കർത്താവിൽ നിദ്ര പ്രാപിക്കുന്നവരെ കുറിച്ച് നിങ്ങൾ അറിവില്ലാത്തവർ ആയിരിക്കരുതെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു'. അത് ക്രിസ്തുവിൽ മരിച്ചവരെ സൂചിപ്പിക്കുന്നു. യേശു മരിക്കുകയും ഉയിർത്തെഴുന്നേൽക്കുകയും ചെയ്തു; അതു പോലെ ക്രിസ്തുവിൽ മരിച്ചിട്ടുള്ളവരും ഉയിർത്തെഴുന്നേൽക്കും. യേശു മടങ്ങിവരുമ്പോൾ, ജീവനോടിരിക്കുന്ന നാം, നമുക്കു മുമ്പേ ക്രിസ്തുവിൽ മരിച്ചവർക്കു മുമ്പാകയില്ല. അവർ കല്ലറകളിൽ നിന്ന് ഉയിർത്തെഴുന്നേൽക്കും. അത് ഒന്നാമത്തെ പുനരുദ്ധാനം ആയിരിക്കും. അതിനുശേഷം നാമും അവരോടൊപ്പം കർത്താവിനെ എതിരേൽപ്പാൻ എടുക്കപ്പെടും. അടുത്ത ആയിരം വർഷത്തേക്ക് അവിശ്വാസികൾ ആരും ഉയിർത്തെഴുന്നേൽക്കുകയില്ല. അവർ രണ്ടാമത്തെ പുനരുദ്ധാനത്തിൽ ഉയിർത്തെഴുന്നേൽക്കും.

നമ്മുടെ കർത്താവ്, തൻറെ മടങ്ങിവരവിൽ, ഗംഭീരനാദത്തോടും പ്രധാന ദൂതൻറെ ശബ്ദത്തോടും ദൈവത്തിൻറെ കാഹള ധ്വനിയോടും കൂടെ സ്വർഗ്ഗത്തിൽ നിന്നിറങ്ങിവരും. അപ്പോൾ എല്ലാ വിശുദ്ധന്മാരും കർത്താവിനെ എതിരേൽക്കാൻ മേഘങ്ങളിൽ എടുക്കപ്പെടും. യേശു തൻറെ മടങ്ങിവരവിനെക്കുറിച്ച് തൻറെ ശിഷ്യന്മാരോട് സംസാരിച്ചപ്പോൾ ഇതേ കാര്യങ്ങൾ തന്നെ പറഞ്ഞു.' അവിടുന്ന് ഇതാ ഇവിടെ എന്നോ' അല്ലെങ്കിൽ ' അവിടുന്ന് അതാ അവിടെ എന്നോ' അല്ലെങ്കിൽ ' അവിടുന്ന് രഹസ്യമായി വന്നിരിക്കുന്നു' എന്നോ പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കരുത്' എന്ന് അവിടുന്നു പറഞ്ഞു ( മത്തായി 24:26). ഇന്ന് അനേകർ വിശ്വസിക്കുന്നതു പോലെ അവിടുന്ന് രഹസ്യമായി വരികയില്ല എന്നാണ് അവിടുന്ന് പറഞ്ഞിരിക്കുന്നത്. അവിടുന്നു വരുമ്പോൾ, അത് മിന്നൽ പിണർ കിഴക്കുനിന്നു പുറപ്പെട്ട് പടിഞ്ഞാറുവരെ പ്രകാശിക്കുന്നതു പോലെ ആയിരിക്കും. എല്ലാ കണ്ണുകൾക്കും അവിടുത്തെ കാണുവാൻ കഴിയും.

ക്രിസ്തുവിൻറെ വരവ് എപ്പോഴാണ് സംഭവിക്കുന്നത്? യേശു അതിനും ഉത്തരം പറഞ്ഞിട്ടുണ്ട്: ' കഷ്ടം കഴിഞ്ഞാലുടനെ' ( മത്തായി 24:29). അനേകർ വിശ്വസിക്കുന്നത് കഷ്ടത്തിനു മുമ്പേ ക്രിസ്തു തൻറെ വിശുദ്ധന്മാരെ ഉൽപ്രാപണം ചെയ്യിക്കും എന്നാണ്. എന്നാൽ അങ്ങനെ പഠിപ്പിക്കുന്ന ഒരൊറ്റ വാക്യം പോലും തിരുവചനത്തിലൊരിടത്തുമില്ല. അത് മനുഷ്യൻറെ ഒരു ഉപദേശമാണ്. കഷ്ടത്തിനുശേഷമാണ് അവിടുന്നു വരുന്നതെന്ന് യേശുതന്നെ വ്യക്തമായി പറഞ്ഞു. ഇവിടെ 4:16,17 ൽ പറഞ്ഞിരിക്കുന്ന സംഭവങ്ങൾ മത്തായി 24:30, 31ൽ യേശു പറഞ്ഞിരിക്കുന്ന അതേ കാര്യങ്ങൾ തന്നെയാണ്. യേശു തൻറെ ദൂതന്മാരുമായി മേഘങ്ങളിൽ പ്രത്യക്ഷനാകുന്നതും, കാഹളധ്വനിയും വിശുദ്ധന്മാർ കർത്താവിനെ എതിരേൽക്കുവാൻ എടുക്കപ്പെടുന്നതും.

1 തെസ്സ 5:2 ൽ നാം വായിക്കുന്നത്, 'കള്ളൻ രാത്രിയിൽ വരുന്നതുപോലെ കർത്താവിൻറെ ദിവസം വരും' എന്നാണ്. ഒരു കള്ളൻ തൻറെ വരവിനെക്കുറിച്ച് അറിയിക്കാറില്ല. അപ്രതീക്ഷിതമായാണ് അവൻ വരുന്നത്. അതുപോലെ കർത്താവ് മടങ്ങി വരുമ്പോൾ ഓരോ അവിശ്വാസിയും അത്ഭുത പരവശരാകും. വെളിച്ചത്തിൻറെ മക്കളായ നാം, എല്ലാവിധത്തിലും, നമ്മുടെ കർത്താവിൻറെ വരവിനായി കാത്തിരിക്കുന്നവരാണ് (5:4). നാം ഇരുളിൽ ജീവിക്കുന്നില്ല. അതു കൊണ്ട് നാം ആത്മീയമായി ഉറങ്ങാതെ ജാഗ്രതയുള്ളവരായിരിക്കാം (5:6).

നാം ഉണർന്നിരിക്കുകയാണോ അതോ ഉറങ്ങുകയാണോ എന്ന് നമുക്കെങ്ങനെ അറിയാൻ കഴിയും? ഒരാൾ ഉറങ്ങുമ്പോൾ, ആ മുറിയിൽ അവൻറെ ചുറ്റിലും യഥാർത്ഥമായുള്ള കാര്യങ്ങൾ അവന് അദൃശ്യമാണ്; എന്നാൽ യഥാർത്ഥമല്ലാത്തവ (അവൻറെ സ്വപ്നങ്ങളിൽ) യാഥാർത്ഥ്യമായി പ്രത്യക്ഷമാകുന്നു. അതുപോലെ തന്നെ, നിത്യതയുടെ യാഥാർത്ഥ്യങ്ങൾ യാഥാർത്ഥ്യമല്ലാതെ കാണപ്പെടുകയുംലോകത്തിൻറെ മിഥ്യയായ കാര്യങ്ങൾ യാഥാർത്ഥ്യമായി കാണപ്പെടുകയും ചെയ്യുമ്പോൾ ഒരു വിശ്വാസി ആത്മീയമായി ഉറങ്ങുകയാണ്. സ്വർഗ്ഗത്തോടും നിത്യതയോടും താരതമ്യം ചെയ്യുമ്പോൾ ഈ മുഴുവൻ ലോകവും മിഥ്യാസ്വപ്നം പോലെയാണ്. സ്വർഗ്ഗ ത്തിൻറെ കാര്യങ്ങളാണ് സത്യത്തിൽ നിത്യമായ കാര്യങ്ങൾ. ഉറങ്ങുന്ന വിശ്വാസികളെ സംബന്ധിച്ചിടത്തോളം , കർത്താവു വരുന്നത് കള്ളൻ രാത്രിയിൽ വരുന്നതു പോലെ ആയിരിക്കും എന്നത് തീർച്ചയാണ്. നാം ആ ദിവസത്തിനായി നോക്കി പാർത്തു കൊണ്ട് അവിടുത്തെ വരവിനായി ആകാംഷയോടെ കാത്തിരിക്കുക എന്നാണ് പൗലൊസ് പറയുന്നത്.

എല്ലാം സമാധാനപരവും സുരക്ഷിതവുമാണെന്ന് ആയിരിക്കും നമുക്ക് ചുറ്റുമുള്ളവർ ചിന്തിക്കുന്നത് (1 തെസ്സ 5:3). എന്നാൽ പെട്ടെന്ന് നാശം അവരുടെ മേൽവരും. ഇവിടെ പറയുന്നത്, ഈ നാശം അവർക്കു വന്നു ഭവിക്കുന്നത് ‘ ഗർഭിണിക്ക് പ്രസവവേദന എന്ന പോലെ‘ എന്നാണ് ( 1 തെസ്സ 5:3). അന്ത്യനാളുകളെക്കുറിച്ച് സംസാരിക്കുമ്പോൾ യേശുവും ഇതേ പദപ്രയോഗമാണ് ഉപയോഗിച്ചിരിക്കുന്നത് ( മത്തായി 24:8). ഒരു കുഞ്ഞ് പിറക്കുന്നതിനു മുമ്പ് തനിക്ക് അനേക മണിക്കൂറുകൾ നീണ്ടു നിൽക്കുന്ന പ്രസവവേദനയുടെ കഷ്ടത നിറഞ്ഞ ഒരു സമയമുണ്ട് എന്ന് ഓരോ സ്ത്രീക്കും അറിയാം (മരിച്ചു പോകുമെന്ന് തോന്നത്തക്കവിധത്തിൽ വേദനയുള്ള ഒരു സമയമായിരുന്നു അത് എന്ന് ചില അമ്മമാർ പറയാറുണ്ട്). അതിനുശേഷമെ ഒരു കുഞ്ഞു പിറക്കുന്നുള്ളൂ.

കർത്താവിൻറെ വരവിന് മുമ്പുള്ള വേദനാജനകമായ പീഡനത്തിൻറെ കാലയളവിൻറെ ഒരു ചിത്രമാണിത്. അങ്ങനെ ഒരു ഈറ്റുനോവില്ലാതെ ഒരു കുഞ്ഞു പിറക്കുന്നില്ല. വേദനാജനകമായ ഈ പീഡനത്തിനു മുമ്പേ കർത്താവിൻറെ വരവും സംഭവിക്കാൻ പോകുന്നില്ല. ആ കാലയളവിനെ നാം ഭയപ്പെടുന്നില്ല. അവിടുത്തെ സാക്ഷിയായി നാം ഇവിടെ ആയിരിക്കുവാനും സുവിശേഷത്തിനുവേണ്ടി നമ്മുടെ ജീവൻ വച്ചു കൊടുക്കുവാനും കർത്താവ് നമ്മെ അനുവദിക്കുകയാണെങ്കിൽ അത് നമുക്ക് ഒരു വലിയ ബഹുമതി ആയിരിക്കും.